പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2545

18/02/2016-ലെ
മറുപടിയ്ക്ക്

## പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിതള്ളുന്നതിന് ചെലവഴിച്ച തുക

| ചോദ്യം<br>ശ്രീ.വി.ശശി | | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിതള്ളുന്നതിന് നാളിതുവരെ എത്ര രൂപാ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ; | (എ) | വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്രതുക വീതം നൽകിയെന്നും എത്ര പേർക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ സംഘം രജിസ്ട്രാർ, വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ഖാദി ഗ്രാമ വ്യവസായ ബോർഡ്, വ്യവസായ വാണിജ്യ വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ച് നൽകിയിരുന്നു. വായ്പ എഴുതിത്തള്ളൽ പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br>**25,000/- രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് അനുവദിച്ച് തുക**<br>വനിതാ വികസന കോർപ്പറേഷൻ - 9651/-<br>**50,000/- രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് അനുവദിച്ച് തുക**<br>വ്യവസായ വാണിജ്യ വകുപ്പ് - 1,18,93,617/-<br>ഖാദി ഗ്രാമ വ്യവസായ ബോർഡ് - 2,20,09,782/-<br>സഹകരണ സംഘം രജിസ്ട്രാർ - 12,00,00,000/-<br>പട്ടികജാതി വികസന കോർപ്പറേഷൻ - 2,49,99,167/-<br>പട്ടികജാതി വികസന കോർപ്പറേഷൻ - 12,33,66,000/- |

| | | |
|---|---|---|
| | | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.<br>കൂടാതെ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിലേക്കായി 2014-15 സാമ്പത്തികവർഷം അനുവദിച്ച 10 കോടി രൂപ പദ്ധതിയുടെ നോഡൽ ഏജൻസിയായ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ റ്റി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ഉപധനാഭ്യാർത്ഥന പ്രകാരം പദ്ധതിക്കായി 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുകകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ